പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.101 08.02.2016-ൽ മറുപടിയ്ക്ക്

**കായികവകുപ്പ് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതിയും ബഡ്ജറ്റ് വിഹിതവും**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും കായികവകുപ്പ് വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര ; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ ; | (എ) | വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി കായികവകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ് ; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്രയാണ് ; | (ബി) | വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു ; വിശദമാക്കാമോ ? | (സി) | 2011-12 ൽ 1,84,99,000/- രൂപയും 2012-13 ൽ 9,99,69,900/- രൂപയും 2013-14 ൽ 5,67,99,000/- രൂപയും 2014-15 ൽ 3,92,31,000/- രൂപയും പുനർവിന്യാസം മുഖേന കായികയുവജനകാര്യാലയം ചെലവഴിച്ചിട്ടുണ്ട്. |

സർക്കാരിന്റെ ആദ്യ വർഷങ്ങളിൽ പ്രഖ്യാപിക്കപ്പെട്ട മിക്ക പദ്ധതികകളും ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കായിക വികസന നിധിയുടെ പ്രവർത്തനത്തിനായി ട്രസ്റ്റ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2011-12 ലെ ബജറ്റ് പ്രസംഗത്തിൽ ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട ചില പ്രധാന സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തർദ്ദേശീയ നിലവാരത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. 35-ാം ദേശീയ കായികമേള വിജയകരമാക്കാൻ കാര്യവട്ടം യൂണിവേഴ്സിറ്റി സ്റ്റേഡിയം, വട്ടിയൂർക്കാവ് പോളിടെക്നിക് സ്റ്റേഡിയം, കോഴിക്കോട് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയം എന്നിവയെ ആന്വിറ്റി അടിസ്ഥാനത്തിൽ നിർമ്മിക്കാൻ തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഇതിനായി 120 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും പ്രഖ്യാപിച്ചിരുന്നു.

ഈ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ദേശീയ ഗെയിംസിനു വേദിയാകുന്നതിനുവേണ്ടി ചില പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനും നിലവിലുള്ളവയുടെ നവീകരണത്തിനും തുടക്കം കുറിച്ചു. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം ആന്വിറ്റി അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതിനുള്ള പ്രവർത്തനം 2011-12 ൽ ഊർജ്ജിതമായി മുന്നോട്ടു പോകുകയും ചെയ്തു. മറ്റു 3 ആന്വിറ്റി സ്റ്റേഡിയങ്ങളുടേയും നിർമ്മാണം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു.

ആന്വിറ്റി അടിസ്ഥാനത്തിൽ പ്രഖ്യാപിച്ച കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം പൂർത്തീകരിച്ച് ദേശീയ കായികമേളയുടെ ഉദ്ഘാടന സമാപന ചടങ്ങുകളുടെ വേദിയാക്കുകയുണ്ടായി. മറ്റു മൂന്നു സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ടെൻഡർ നടപടികൾ സ്വീകരിച്ചുവെങ്കിലും ആവശ്യമായ പ്രതികരണം ലഭ്യമാകാത്തതിനാൽ ഇനിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

35-ാം ദേശീയ ഗെയിംസിന്റെ തീയതി പ്രഖ്യാപിയ്ക്കുന്നതിലുണ്ടായ കാലതാമസം കാരണം ദേശീയ ഗെയിംസിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2011-2012, 2012-2013 വർഷങ്ങളിൽ അധികം തുക ചെലവഴിക്കുകയുണ്ടായില്ല. 2012-2013 വർഷം മുതൽ ദേശീയ ഗെയിംസിനായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തുകയും ആവശ്യമുള്ള തുക 5475-00-800-92- (Plan) Major Infrastructure Development Projects എന്ന ശീർഷകത്തിൽ നിന്ന് തുക അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ സംസ്ഥാനത്ത് വിജയകരമായി സംഘടിപ്പിക്കപ്പെട്ട 35-ാം ദേശീയ ഗെയിംസിന്റെ ഭാഗമായി നവീകരിച്ച / നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ വിശദാംശം അനുബന്ധം- 3 ൽ കാണാവുന്നതാണ്.

Manoj M
സെക്ഷൻ ഓഫീസർ

അനുബന്ധം 1

ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റിലും പ്രഖ്യാപിച്ച പദ്ധതികളിൽ തനതു വർഷം പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്ത പദ്ധതികൾ സംബന്ധിച്ച വിശദാംശം താഴെ കൊടുത്തിരിക്കുന്നു.

| വർഷം | പ്രഖ്യാപിച്ച പദ്ധതികൾ |
|---|---|
| 2011-2012 | 1. കളിസ്ഥലങ്ങളുടെയും മറ്റു കായിക സൗകര്യങ്ങളുടെയും വികസനം<br>2. മഞ്ചേരി, മുവാറ്റുപുഴ, തൊടുപുഴ, കോട്ടയം, പത്തനംതിട്ട സ്റ്റേഡിയം/കായിക സമുച്ചയം നിർമ്മാണം<br>3. പാല സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക്<br>4. പൂഞ്ഞാർ ജി.വി.രാജാ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം<br>5. ഇടുക്കി വോളിബോൾ അക്കാദമി നിർമ്മാണം |
| 2012-2013 | 1. കായിക വികസനനിധി രൂപീകരണം<br>2. കോഴിക്കോട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണം<br>3. കോഴിക്കോട് പുല്ലൂരാംമ്പാറ സ്പോർട്സ് അക്കാദമി<br>4. മൂന്നാർ ഹൈ ആൾറ്റിറ്റ്യൂട് ട്രെയിനംഗ് സെന്ററിൽ സിന്തറ്റിക് ട്രാക്<br>5. ഇടുക്കി സൈക്കിൾ വെലോഡ്രോം<br>6. പേരാവൂർ ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയം |
| 2013-2014 | 1. തെരഞ്ഞെടുത്ത സ്റ്റേഡിയങ്ങളിൽ മൾട്ടി പർപ്പസ് സിന്തറ്റിക് ട്രാക്ക് നിർമ്മാണം<br>2. സ്പോർട്സ് ഡെവലപ്പ്മെന്റ് ഫണ്ട്<br>3. കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ്<br>4. ചങ്ങനാശ്ശേരി സ്പോർട്സ് കോംപ്ലക്സ് |
| 2014-2015 | 1. തിരുവനന്തപുരം വലിയതുറ സ്റ്റേഡിയം നിർമ്മാണം<br>2. കൈപ്പറമ്പ് ജില്ലാ സ്പോർട്സ് കോംപ്ലക്സ്<br>3. പാലക്കാട് സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക്<br>4. അരിക്കോട് സ്റ്റേഡിയത്തിൽ സിന്തറ്റിക് ടർഫ് നിർമ്മാണം<br>5. കോതമംഗലം ചേലാട് പോളിടെക്നിക്കിൽ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം |
| 2015-2016 | 1. പത്തനംതിട്ട ജില്ല സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് നിർമ്മാണം (ഭരണാനുമതി നൽകിയിട്ടുണ്ട്)<br>2. കൊച്ചി നെഹ്റു ഇന്റർ നാഷണൽ സ്റ്റേഡിയം നവീകരണം<br>3. കോട്ടയം നെഹ്റു സ്റ്റേഡിയം അന്വിറ്റി അടിസ്ഥാനത്തിൽ നവീകരിക്കൽ |

Manoj M
സെക്ഷൻ ഓഫീസർ

അനുബന്ധം 2

| കായികയുവജനകാര്യാലയം | | | | | |
|---|---|---|---|---|---|
| | പദ്ധതി | | | | |
| സാമ്പത്തിക വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക | ചെലവായ തുക | ചെലവഴിക്കാത്ത തുക | ചെലവായ തുകയുടെ ശതമാനം | ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക |
| 2011-2012 | 12,25,08,000 | 8,25,14,708 | 3,99,93,292 | 67% | |
| 2012-2013 | 58,45,08,000 | 57,84,73,318 | 60,34,682 | 99% | |
| 2013-2014 | 1,07,08,01,000 | 97,93,65,688 | 9,14,35,312 | 91% | 150 ലക്ഷം |
| 2014-2015 | 2,39,34,26,000 | 2,32,57,91,705 | 6,76,34,295 | 97% | 40 ലക്ഷം |
| 2015-2016 | 1,38,56,00,000 | 1,23,51,85,934 | 15,04,14,066 | 89% | 100 ലക്ഷം |
| **കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ** | | | | | |
| 2011-2012 | 16,25,00,000 | 1,62,500,000 | - | 100% | - |
| 2012-2013 | 22,97,00,000 | 2,29,70,0000 | - | 100% | - |
| 2013-2014 | 29,47,00,000 | 23,02,00,000 | - | 78% | ബാക്കി തുക അനുവദിച്ചില്ല |
| 2014-2015 | 31,50,00,000 | 29,75,00,000 | - | 94% | ബാക്കി തുക 1,75,00,000/- രൂപ 2015-16 ൽ അനുവദിയ്ക്കുകയും ചെലവഴിയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| 2015-2016 | 31,50,00,000 | 18,50,00,000 | - | 59% | ബാക്കി തുക ഇതേവരെ അനുവദിച്ചിട്ടില്ല |

| നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് | | | | | |
|---|---|---|---|---|---|
| സാമ്പത്തിക വർഷം | നീക്കിയിരുപ്പ് | ബഡ്ജറ്റിൽ വകയിരുത്തിയ തുക | ചെലവായ തുക | ചെലവായ തുകയുടെ ശതമാനം | ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക |
| 2011-2012 | 58.19 | 20 | 21.18 | 36% | 37.01 |
| 2012-2013 | 37.01 | 30 | 17.19 | 26% | 49.82 |
| 2013-2014 | 49.82 | ടോക്കൺ പ്രൊവിഷൻ | 77.36 | 57% | 59.13 |
| 2014-2015 | 59.13 | ടോക്കൺ പ്രൊവിഷൻ | 253.53 | 49% | 1.60 |
| 2015-2016 | 1.60 | ടോക്കൺ പ്രൊവിഷൻ | 57.54 | 100% | ഇല്ല |

Mary M
സെക്ഷൻ ഓഫീസർ

## അനുബന്ധം - 3

### 35-ാമത് ദേശീയ ഗെയിംസിനായി തികച്ചും പുതിയതായി നിർമ്മിച്ച സ്റ്റേഡിയങ്ങൾ

| ക്രമ നം | പേര് |
|---|---|
| 1 | ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം |
| 2 | ടെന്നീസ് കോംപ്ലക്സ്, കുമാരപുരം, തിരുവനന്തപുരം |
| 3 | സ്കോഷ് കോർട്ട്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, പാളയം, തിരുവനന്തപുരം |
| 4 | ഷൂട്ടിംങ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം |
| 5 | ട്രാപ് ആന്റ് സ്കീറ്റ് ഔട്ട്ഡോർ ഷൂട്ടിംഗ് റേഞ്ച്, പോലീസ് അക്കാഡമി തൃശ്ശൂർ |
| 6 | ന്യൂ ഹോക്കി സ്റ്റേഡിയം, കൊല്ലം |
| 7 | ലോൺ ബൗൾ കോർട്ട്, കൊച്ചി, എറണാകുളം |
| 8 | ന്യൂ ഫുട്ബോൾ സ്റ്റേഡിയം, മെഡിക്കൽ കോളേജ് ഗ്രൗണ്ട്, കോഴിക്കോട് |
| 9 | ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട്, കണ്ണൂർ |

### 35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് അധിക സൗകര്യങ്ങൾ ഏർപ്പെടുത്തിയതും നവീകരിച്ചതുമായ സ്റ്റേഡിയങ്ങൾ

| ക്രമ നം | പേര് |
|---|---|
| 1 | പിരപ്പൻകോട് നീന്തൽക്കുളം, തിരുവനന്തപുരം |
| 2 | യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം |
| 3 | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം |
| 4 | ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ, തിരുവനന്തപുരം |
| 5 | കാർഷിക കോളേജ് ഇൻഡോർ ഹാൾ, വെള്ളായണി, തിരുവനന്തപുരം |
| 6 | ജി.വി. രാജ ഇൻഡോർ സ്റ്റേഡിയം, ശംഖുമുഖം, തിരുവനന്തപുരം |
| 7 | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം |
| 8 | എൽ.എൻ.സി.പി.ഇ. വെലോഡ്രോം, കാര്യവട്ടം |
| 9 | കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം |
| 10 | രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി, എറണാകുളം |
| 11 | കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ |
| 12 | വി.കെ.എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ |
| 13 | ഇൻഡോർ സ്റ്റേഡിയം, തൃപ്രയാർ, തൃശ്ശൂർ |
| 14 | വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് |
| 15 | കോർപ്പറേഷൻ സ്റ്റേഡിയം കോഴിക്കോട് |
| 16 | തിരുവനന്തപുരം ടെന്നീസ് ക്ലബ്ബിലെ പരിശീലന കോർട്ടുകൾ |
| 17 | കേരള വാട്ടർ അതോറിറ്റി സ്വിമ്മിംഗ് പൂൾ വെള്ളയമ്പലം, തിരുവനന്തപുരം |

Manoj M
സെക്ഷൻ ഓഫീസർ